പഞ്ചാബും കാശ്മീരും

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ദേശീയ താൽപര്യം മുന്നിൽ കണ്ടുകൊണ്ട് ദൃഢവും ശക്തവുമായ നടപടികൾ എടുക്കാൻ ഉത്തരവാദപ്പെട്ടവർ മടിച്ചുകൂടാ.

പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിലെ സംഭവങ്ങൾ രാജ്യസ്നേഹവും മനുഷ്യസ്നേഹവുമുള്ള ഏതൊരു ഭാരതീയനേയും ദുഃഖിപ്പിക്കും. കക്ഷിരാഷ്ട്രീയത്തിൽ ഒട്ടും താല്പര്യമില്ലാത്ത സാധാരണക്കാരായ നിരപരാധികൾ എത്രയാണു് മരിക്കുന്നതു്! ഈ സാഹചര്യമുണ്ടായതു് ഒന്നു രണ്ടു ദിവസങ്ങൾകൊണ്ടല്ല. സ്വാധികാരം സ്ഥാപിക്കാൻ രാഷ്ട്രീയ കക്ഷികൾ കടുത്ത മത്സരം നടത്തി, ആരും മുമ്പു കേട്ടിട്ടുപോലുമില്ലാതിരുന്ന ഭിന്ദ്രൻവാലയെ രംഗത്തു കൊണ്ടുവന്നതു് രാഷ്ട്രീയക്കളിയുടെ ഭാഗമായിട്ടാണു്. ക്രമേണ കാര്യങ്ങൾ കുഴഞ്ഞു. രാഷ്ട്രീയം കലങ്ങി.

ഭൂതം പുറത്തു വന്നപ്പോൾ

ആ കലക്കവെള്ളത്തിൽ മീൻ തേടിയവരുടെ വലയിൽ ഒരു കുടം പെട്ടു. കാര്യം ജയിച്ചെന്നു കരുതി അതിന്റെ അടപ്പ് എടുത്തു മാററിയപ്പോൾ, പുകയും........ പിന്നെ ഭൂതവും പ്രത്യക്ഷമായി. കാലക്കേടുകൊണ്ടോ പിടിപ്പില്ലായ്മകൊണ്ടോ, കുടമുടച്ചു് ഭൂതത്തെ കുരുക്കാമെന്നു് ചിലർ കരുതി അങ്ങനെ ചെയ്തു.

ചോര ചൊരിഞ്ഞും നരഹത്യ നടത്തിയും ഭൂതം ഇന്നു പഞ്ചാബിൽ അലഞ്ഞു നടക്കുന്നു. ഭൂതത്തെ ആവാഹിച്ചൊതുക്കാനുള്ള ആദ്യത്തെ ശ്രമം, കുടമുണ്ടാക്കുകയാണു്: ഇതുവരെ അങ്ങിനെ ചെയ്യാനുതകുന്ന ഒരു കുടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാവരും ചേർന്നു് അതു നിർമ്മിക്കുമെന്നും, ഭൂതത്തെ ഒതുക്കി, ശാന്തമായ അന്തരീക്ഷം ഉണ്ടാക്കുമെന്നും ആശിക്കാം. ഭൂതത്തിനു് ഒത്താശ ചെയ്യുന്ന ദുർമന്ത്രവാദികൾ നാട്ടിനകത്തും പുറത്തുമുണ്ടെന്നുള്ളതാണു് വിഷമം വർദ്ധിപ്പിക്കുന്നതു്.

കാശ്മീരത്തിന്റെ കാര്യത്തിലും കഴിഞ്ഞ കാലത്തെ തെററുകളും നയങ്ങളിലെ പാളിച്ചകളുമാണു് വിഷമപ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ളതു്. 2,22,236 ചതുരശ്ര കിലോമീററർ ആകെ വിസ്തീർണ്ണമുണ്ടു്, ജമ്മു–കാശ്മീർ സംസ്ഥാനത്തിനു്. ഇതിൽ 78,932 ച. കി. മീ. പാകിസ്ഥാൻ നിയമവിരുദ്ധമായി സ്വാധീനത്തിൽ വച്ചിരിക്കുന്നു. കൂടാതെ 5180 ച കി മീ. പാകിസ്ഥാൻ ചൈനയ്ക്കു് നിയമവിരുദ്ധമായി കൈമാറിയിട്ടുമുണ്ടു്. 1947–ഒക്ടോബറിൽ അന്നത്തെ രാജാവായിരുന്ന ഹരിസിംഹൻ, ഭാരതത്തിൽ ചേരുന്നതിനുള്ള ലയന പ്രമാണത്തിൽ ഒപ്പുവച്ചു. ഭാരതത്തിൽ ചേർന്ന എല്ലാ നാട്ടുരാജ്യങ്ങളും ഒപ്പുവച്ചയിൽനിന്നു് വള്ളിപുള്ളി വ്യത്യാസമില്ലാത്ത, അതേ പ്രമാണത്തിൽ തന്നെയാണു് ജമ്മു–കാശ്മീർ ഭരണാധിപതിയായിരുന്ന ആ നാട്ടുരാജാവും ഒപ്പുവച്ചു്, ആ രാജ്യത്തെ ഭാരതത്തിന്റെ അവിഭാജ്യ ഭാഗമാക്കിയതു്. ആ ലയന പ്രമാണവും, മററുള്ളവയെപ്പോലെ പൂർണ്ണവും, അന്തിമവും, മറിച്ചാക്കാനാവാത്തതും, നിരുപാധികവും ആണു്. ഭാരതത്തിൽ ചേരുന്നതിനുള്ള തീരുമാനം, തികച്ചും രാജാവിന്റെ സ്വമേധയായുള്ള ഒന്നായിരുന്നു. സംസ്ഥാനത്തിനു് പ്രത്യേക പദവി നല്കുന്നതിനുള്ള വ്യവസ്ഥ, ലയനത്തിനു ശേഷം രണ്ടു കൊല്ലം കഴിഞ്ഞു്, 1949 ഒക്ടോബറിൽ, ഇന്ത്യൻ ഭരണഘടനയിൽ 370 വകുപ്പ് ഉൾപ്പെടുത്തിയപ്പോഴാണുണ്ടായതു് ലയനക്കാര്യവും പ്രത്യേക പദവിയും തമ്മിൽ കാര്യമായ യാതൊരു ബന്ധവുമില്ലെന്നുള്ള വസ്തുത ഇതിൽനിന്നു വ്യക്തമാകുമല്ലോ.

കാശ്മീരിന്റെ അവസ്ഥ

ജമ്മു–കാശ്മീർ സംസ്ഥാനം ഭാരതത്തിന്റെ അവിഭാജ്യാംശമായി തീർന്നിട്ടു് 43 സംവത്സരങ്ങളോളമായി. ഗിരിവർഗ്ഗക്കാരുടെ ആക്രമണവും അവരെ പിന്നിൽനിന്നു് പാകിസ്ഥാൻ സഹായിച്ചതും സംബന്ധിച്ചു്, ആക്രമണ വിധേയമായ രാജ്യമെന്ന നിലയിൽ, ഭാരതം ഐക്യരാഷ്ട്രസഭയിൽ പരാതി ബോധിപ്പിച്ചതോടെയാണു് കാര്യങ്ങൾ കുഴയാൻ തുടങ്ങിയതു്. ഭാരതത്തിന്റെ തികച്ചും ആഭ്യന്തരമായ ഒരു കാര്യത്തിൽ വിദേശ ശക്തികൾക്കു് അഭിപ്രായം പറയാനും, കൈകടത്താനും ഇതു് അവസരം കൊടുത്തു. ജമ്മു–കാശ്മീർ കാര്യത്തെക്കാൾ കർശനമായ നടപടികളാണു് ഹൈദരാബാദു്, ജൂനഗാദു് എന്നീ നാട്ടുരാജ്യങ്ങളുടെയും ഗോവയുടെയും ലയനങ്ങളിൽ നാം സ്വീകരിച്ചതു്. എന്നാൽ അവയിൽ അന്യക്കു് ഇടപെടാനുള്ള അവസരം കൊടുത്തില്ല.

ജമ്മു–കാശ്മീർ കാര്യത്തിൽ അനിശ്ചിതത്വമുണ്ടെന്നും, അതു് അന്തിമമായി തീർന്നിട്ടില്ലെന്നുമുള്ള ധാരണ ബലപ്പെടുന്നതിനു് ഇടവരുത്തിയതു് രണ്ടു കാര്യങ്ങളാണു്. ഒന്നു്: ഐക്യരാഷ്ട്രസഭയിൽ കൊടുത്ത ആവലാതിയും അതിൽനിന്നു് ഉത്ഭവിച്ച ഹിതപരിശോധനാ കാര്യവും. രണ്ടു്: ഭരണഘടനയിൽ 370–ാം വകുപ്പുപ്രകാരമുള്ള പ്രത്യേക പദവി.

സിംലാ കരാറുണ്ടായിട്ടുപോലും, തങ്ങൾക്കു് യുക്തമെന്നു തോന്നുന്ന അവസരങ്ങളിൽ, ആവശ്യമായ തലങ്ങളിൽ കാശ്മീർ പ്രശ്നം കുത്തിപ്പൊക്കി, അനിശ്ചിതത്വത്തിന്റെ അന്തരീക്ഷം നിരന്തരമായി പുലർത്താൻ പാകിസ്ഥാനു് ഇന്നും സാധിക്കുന്നതു്, ഐക്യരാഷ്ട്രസഭയിലെ പരിസമാപ്തി കണ്ടിട്ടില്ലാത്ത നമ്മുടെ പരാതിതന്നെ.

പഞ്ചാബിന്റെയും കാശ്മീരിന്റെയും അവസ്ഥ സാധാരണ നിലയിലാക്കാനും, അപഥസഞ്ചാരം ചെയ്യുന്ന നമ്മുടെ സഹോദരന്മാരെ മടക്കി ദേശീയധാരയിലേക്കു് കൊണ്ടുവരാനും എല്ലാ ജനങ്ങളും ഒന്നിച്ചിട്ടുണ്ടെന്നുള്ളതാണു് ആശ്വാസത്തിനുള്ള സംഗതി. ഈ കർമ്മപരിപാടി വിജയത്തിലെത്തിക്കുന്നതിനു് സമയം മാത്രമല്ല ക്ഷമയും വളരെ ആവശ്യമാണു്. ഇതിൽ ഉപദേശം നല്കാൻ അകത്തും പുറത്തുമുള്ള 'ബുദ്ധിജീവികൾ' ധാരാളം പ്രത്യക്ഷപ്പെടുന്നുണ്ടു്. രാഷ്ട്രീയ കാലാവസ്ഥ മാറിയതുകൊണ്ടു് കാണാറാകുന്ന ഒരു പ്രതിഭാസമായി ഇതു പരിഗണിച്ചാൽ മതി. ദേശീയ താല്പര്യം മുമ്പിൽ കണ്ടുകൊണ്ടു്, ദൃഢവും ശക്തവുമായ നടപടികൾ എടുക്കാൻ ഉത്തരവാദപ്പെട്ടവർ മടിച്ചുകൂടാ. സത്യവും യാഥാർത്ഥ്യ



(ടൈംസ് ഓഫ് ഇന്ത്യയോട് കടപ്പാട്)

വും അരോചകമായി ആർക്കെങ്കിലും തോന്നിപ്പിക്കുവാൻ, ഈ കർമ്മപദ്ധതി ഇടയാക്കിയാൽ, അതു് തികച്ചും നൈമിഷികമായ ഒരു തോന്നൽ മാത്രമായി പരിഗണിച്ചാൽ മതിയാവും. നമ്മുടെ കർത്തവ്യം നിർഭയമായി നിർവ്വഹിക്കേണ്ട സമയമാണിതു്. സംയമനം പാലിച്ചു്, ധർമ്മാനുഷ്ഠാനം നിർവ്വഹിച്ചില്ലെങ്കിൽ നമുക്കു് ഉണ്ടാകുന്ന നഷ്ടം എപ്പോഴും നമ്മുടെ മനസ്സിലിരിക്കണം. തെററു സംഭവിച്ചാൽ വരും തലമുറകൾ നമുക്കു് മാപ്പു നല്കുകയില്ല.

—०—